## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4100 — 27.06.2012-ൽ മറുപടിക്ക്

### ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും<br>വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ മിനിമം വേതനം 12900 രൂപ ആക്കി നിശ്ചയിക്കണമെന്ന ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുൾപ്പെടെയുള്ള ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മിനിമം വേതനം നിശ്ചയിക്കുന്നതിനുമായി സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി രൂപീകരിച്ചിട്ടുണ്ട്. നേഴ്സുമാരുടെ ശമ്പളം നിശ്ചയിക്കുമ്പോൾ ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കൂടി സമിതി പരിഗണിക്കുന്നതാണ്. |
| (ബി) ഉണ്ടെങ്കിൽ എന്ന് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ; | (ബി) 2012 ജൂൺ മാസം മുതൽ പ്രാബല്യം കൊടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) സംസ്ഥാനത്തെ എല്ലാ സ്വകാര്യ ആശുപത്രികളിലും ഈ നിയമം നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ എല്ലാ സ്വകാര്യ ആശുപത്രികൾക്കും ഈ നിയമം ബാധകമാണ്. |

സെക്ഷൻ ആഫീസർ